## തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലന കേന്ദ്രം, സന്ദേശഭവൻ
## വിശ്വാസോത്സവം 2018 ഏപ്രിൽ 2 – 5

**വിശ്വാസോത്സവത്തിനാവശ്യമായ നിർദ്ദേശങ്ങൾ**

1. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി വിശ്വാസോത്സവം ഭംഗിയായി നടത്താനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുന്നു.
2. അധ്യാപകർ സെക്ഷൻ തിരിഞ്ഞ് വിശ്വാസോത്സവ വർക്ക് ബുക്കിലെ പ്രവർത്തനങ്ങൾ പഠിക്കുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ സാധനങ്ങളും നേരത്തെ തന്നെ സംഘടിപ്പിക്കേണ്ടതുമാണ്.
3. റഫറൻസ് ഗ്രന്ഥങ്ങൾ ചാർട്ട് പേപ്പറുകൾ കളർപെൻസിലുകൾ ക്രയോൺസ് തുടങ്ങിയവ ഓരോ ക്ലാസിലേക്കും കരുതേണ്ടതാണ്.
4. വി. കുർബാനയോടുകൂടി വിശ്വാസോത്സവം ആരംഭിക്കേണ്ടതും കുർബാന കഴിഞ്ഞും ക്ലാസുകൾ കഴിയുന്നതിനുമുമ്പും എല്ലാവരും ഒരുമിച്ച് വിശ്വാസോത്സവ ആന്തം പാടേണ്ടതാണ്. ( ആന്തത്തിനായി അൽഫോൻസാ വിഭാഗം പേജ് 8 കാണുക)
5. മുൻവർഷങ്ങളിലെപ്പോലെ കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. ആൽബത്തെ സംബന്ധിച്ച വിവരങ്ങൾക്ക് മാർച്ച് മാസത്തെ ബുള്ളറ്റിൻ കാണുക. (പേജ് 37).
6. ഓരോ സെക്ഷനിലെയും അഞ്ചാം ദിവസത്തെ പ്രവർത്തനം മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്.
7. വർക്ക് ബുക്കുകളിലെ നിർദ്ദേശമനുസരിച്ച് കുട്ടികളുടെ ഗ്രൂപ്പുകൾ തിരിക്കേണ്ടതാണ്.
8. അവസാനദിവസമായ അഞ്ചാം തീയതി വ്യാഴാഴ്ച്ച കുട്ടികൾക്ക് പൊതുവായി ഉച്ചഭക്ഷണം ക്രമീകരിക്കുമല്ലോ.
9. അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 6-ാം തീയതി വെള്ളിയാഴ്ച്ച കുട്ടികൾക്ക് പരീക്ഷയ്ക്ക് ഒരുങ്ങാനുള്ള ദിവസമായി നല്കുന്നതിനാൽ അന്നത്തെ വർക്ക് ബുക്ക് കൂടി 5-ാം തീയതി വ്യാഴാഴ്ച്ച ചെയ്യേണ്ടതുകൊണ്ട് എല്ലാ ക്ലാസുകൾക്കും അന്ന് വൈകുന്നേരംവരെയും ബാക്കിയുള്ള ദിവസങ്ങളിൽ 5 മണിക്കൂർ സമയം ലഭിക്കത്തക്കവിധ ത്തിലുമാണ് എല്ലാ ഇടവകകളിലും ക്ലാസുകൾ ക്രമീകരിക്കേണ്ടത്.
10. വിശ്വാസോത്സവത്തിന്റെ അവസാന ദിനമായ വ്യാഴാഴ്ച്ച ഫിയാത്ത് മിഷനുവേണ്ടി കുട്ടികളെ നേരത്തേ അറിയിച്ച് പഴയ ബുക്കുകളും പേപ്പറുകളും അവരിൽ നിന്നും ശേഖരിച്ച് ഏപ്രിൽ 15-ാം തീയതിക്കുള്ളിൽ അധ്യാപകരുടെ നേതൃത്വത്തിൽ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുമല്ലോ.

**വർക്ക് ബുക്കിലെ ഓരോ ദിവസത്തെയും പ്രധാനപ്പെട്ട ആശയങ്ങൾ**

**ഒന്നാം ദിനം**

പിതാവിനാൽ പരിപാലിക്കപ്പെടുന്ന കുടുംബം

ദൈവപരിപാലനയുടെ ബോധ്യം

ബന്ധങ്ങളുടെ ക്രമം, പരിപാലനവും പരിശീലനവും

ദൈവവുമായ ബന്ധവും മനുഷ്യനോടുള്ള ബന്ധവും ഓരോ കുടുംബവും ചിട്ടപ്പെടുത്തണം.

**രണ്ടാംദിനം**

ഈശോയിൽ നയിക്കപ്പെടുന്ന കുടുംബം

ഈശോയിൽ സ്ഥാപിതമായ കുടുംബം

**മൂന്നാം ദിനം-** പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന കുടുംബം

വരദാനങ്ങൾ

പെരുമാറ്റങ്ങൾ - വീട്ടിൽ (eg: ക്ഷമ കരുണ തുടങ്ങിയ പുണ്യങ്ങളുടെ പരിശീലനം)

**നാലാം ദിനം -** കൂദാശകളാൽ പരിപോഷിപ്പിക്കപ്പെടുന്ന കുടുംബം

കുടുംബം സഭയോട് ചേർന്ന് എങ്ങനെ പോകണം

ആത്മീകവും ഭൗതികവുമായ വളർച്ചയിൽ സഭയോടുള്ള ബന്ധം

**അഞ്ചാംദിനം** - മൂല്യങ്ങൾ വിളയുന്ന കുടുംബം
ക്രിസ്തീയ മൂല്യങ്ങളാൽ സ്വാധീനിക്കപ്പെടുക
മൂല്യങ്ങൾ കുടുംബത്തിൽ ആഘോഷിക്കുക
മൂല്യങ്ങൾ രാഷ്ട്രീയ തലത്തിലും

**വർക്ക് ബുക്ക് പ്രവർത്തനത്തിൽ അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

I. പ്രവർത്തനം
സന്ദേശം കുട്ടിയിൽ രൂപം കൊള്ളണം
മനസ്സിൽ രൂപപ്പെടണം
അധ്യാപകർ അത് ക്രോഡീകരിക്കണം

II. പ്രവർത്തനഘട്ടം
ഓരോഘട്ടവും തിരിച്ചറിയുക
മനസ്സിൽ കാണുക, നേരത്തേ ഒരുങ്ങുക

III. ആവശ്യമായ സാമഗ്രികൾ ഒരുക്കുക (ഉദാ: റഫറൻസ് ഗ്രന്ഥങ്ങൾ, ചാർട്ട് പേപ്പറുകൾ, കളർപെൻസിൽ, ക്രയോൺസ്)

IV. ക്ലാസ് മുറിയിൽ ഉപയോഗിക്കുന്ന സാധനങ്ങളെക്കുറിച്ച് വ്യക്തതയുണ്ടാവുക
എവിടെ, എങ്ങനെ
പ്രവർത്തനം ചെയ്ത് നോക്കി, ചെയ്യിപ്പിക്കുക (ഉദാ: കത്രിക, പെൻസിൽ, കട്ടർ)

V. സമയക്രമം
സമയക്രമം കൃത്യമായി മോണിറ്റർ ചെയ്യുക
പോയിന്റ് കണക്കാക്കുക (ഉദാ: Like ചിഹ്നം കളർ റിബൺസ് എന്നിവ ഉപയോഗിക്കുക)
ചെറിയ സമ്മാനങ്ങൾ നല്കുക

**വിശ്വാസോത്സവആന്തം** (നൃപനെവാഴിക്കുന്നവനാം.... എന്ന ഗാനത്തിന്റെ ഈണത്തിൽ )

വേനൽകാറ്റിൻ ചിറകുകളിൽ
മാലാഖമാർ പാറുമ്പോൾ
സിരകളിൽ ഉത്സവ ഭേരിയുമായ്
കുഞ്ഞുമക്കൾ അണിചേരും

മാവുപൂക്കും നാളുകളിൽ
മനസ്സിൽ കൃപമഴ പെയ്യുമ്പോൾ
ആത്മപൂരിതരായിടുവാൻ
വിസ്വാസോത്സവ നാളുകളായ്

വിശുദ്ധ ദൂതന്മാരൊപ്പം
കന്യകമാതാവിൻ കൂടെ
കൂട്ടുകൂടി പാടുന്നു
ഹല്ലേലൂയ്യാ ഗീതങ്ങൾ

പുതുമഴയായി പെയ്യട്ടെ
വിശുദ്ധി പൂക്കും മരമെല്ലാം
ആ മഴനനയാൻ ഞങ്ങളിതാ
പ്രാർത്ഥനയോടെ വരുന്നല്ലോ.